

# സി.എം.എസ്.എൽ. പി. സ്കൂൾ കങ്ങഴ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2028

# ആമുഖം

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രാഥമിക വിദ്യാലയം ആണ് കങ്ങഴ സി.എം എസ്.എൽ. പി. സ്കൂൾ. 1858 -ൽ സി. എം എസ് മിഷനറിമാരാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഇപ്പോൾ കോട്ടയം കേന്ദ്രമായുള്ള സി.എം.എസ് കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ് ഈ സ്കൂൾ. 2025-26 അധ്യയനവർഷം നഴ്സറി മുതൽ 4 വരെ ക്ലാസുകളിൽ ആയി 15 കുട്ടികൾ ഇവിടെ പഠിക്കുന്നു. പ്രഥമാധ്യാപകൻ ഉൾപ്പെടെ 3 അധ്യാപകർ ഇവിടെ ഉണ്ട്. ഒരു കിലോമീറ്റർ ചുറ്റളവിൽ തന്നെ ഗവൺമെന്റ്,എയ്ഡഡ് അംഗീകൃത അൺ എയ്ഡഡ് സിബിഎസ്ഇ സ്കൂൾ ഉൾപ്പെടെ 5 ൽ പരം പ്രാഥമിക വിദ്യാലയങ്ങൾ നിലവിലുള്ളത് സ്കൂളിലെ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. പ്രീ- കെ.ഇ.ആർ.കെട്ടിടമായതിനാൽ പുതുതലമുറ സ്കൂളുകളോടു മത്സരിച്ചു കുട്ടികളെ നിലനിർത്തുവാൻ സാധിക്കുന്നില്ല. എണ്ണം കുറവെങ്കിലും സാമ്പത്തികമായി പരാധീനത അനുഭവിക്കുന്നവരെങ്കിലും സ്കൂളിനോട് ആത്മാർത്ഥമായി സ്നേഹിക്കുന്ന രക്ഷിതാക്കളാണ് സ്കൂളിനെ നിലനിർത്തുന്നത്. നിലവിലെ സാഹചര്യങ്ങളിലും വ്യക്തിപരമായി മികച്ച ശ്രദ്ധ കുട്ടികൾക്കു നൽകാൻ ഈ വിദ്യാലയത്തിനു കഴിയുന്നു. ഐ എ എസ് ഉൾപ്പെടെയുള്ള പൂർവ്വ വിദ്യാർത്ഥികളുടെ ഒരു നീണ്ട നിര തന്നെ സ്കൂളിനുണ്ട്. അവയെ ഫലപ്രദമായി ഉപയോഗിക്കുക വഴി മുൻകാലങ്ങളിൽ ഭൗതികസൗകര്യങ്ങളിൽ സ്കൂളിന് ഒട്ടേറെ നേട്ടങ്ങൾ സ്വന്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ എണ്ണം അധികം താഴാതെ നിലനിർത്തി കൊണ്ടുപോകാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

# കാഴ്ചപ്പാടും പ്രവർത്തന ദിശയും

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

1 മുതൽ 4 വരെയുള്ള ഓരോ ക്ലാസിലും പ്രതീക്ഷിതനിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹികമൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തുക.

എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ

യഥാസമയം നൽകുക. അതോടൊപ്പം കോർ വിഷയങ്ങളിലും കുട്ടികൾ മുന്നേറുന്നു എന്ന് ഉറപ്പുവരുത്തുക. വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ (ഉദാ: ഗണിതപഠനത്തിന് മഞ്ചാടി) നടക്കുന്ന വിദ്യാലയങ്ങളിൽ അവ കാര്യക്ഷമമായി നടപ്പാക്കുക.

മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഭാഷയിൽ കൂടി ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

ലിംഗപദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.

സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

ദിനാചരണങ്ങൾ യാന്ത്രികമാകാതെ ആസൂത്രണം ചെയ്ത് നടപ്പാക്കുക. അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ-പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ്സിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ജൈവവൈവിധ്യ ഉദ്യാനമാക്കിമാറ്റുക.

പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജന അവബോധം, ശാസ്താവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുപ്പെടെ ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.

സമഗ്ര പഠനപുരോഗതി രേഖതയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.

മൂല്യനിർണ്ണയരീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്കരിക്കുക.

സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്ന രീതി അവലംബിക്കുക.

തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഭാഗമാക്കി

മാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയവും കുട്ടികളുടെ അതത് സമയങ്ങളിലെ പാനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് എന്ന് ഉറപ്പാക്കുക.

മൂല്യനിർണ്ണയത്തിന്റെ തുടർച്ചയായി കുട്ടികളുടെ പെർഫോമൻസ് കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പഠനപിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക ഇങ്ങനെ ചെയ്യുമ്പോൾ എഴുത്തുപരീക്ഷയിൽ എല്ലാ ക്ലാസിലും കട്ടികൾ മുപ്പത് ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളുടെ സ്കോർ മുപ്പത് ശതമാനമാക്കി നിജപ്പെടുത്തുക എന്നതല്ല വിഭാവനം ചെയ്യുന്നത്. എല്ലാ കുട്ടികളും അവരുടെ ശേഷിക്കനുസരിച്ച് ഏറ്റവും ഉയർന്ന സ്കോർ നേടുന്നു എന്നുറപ്പാക്കാനാണ് ലക്ഷ്യമിടേണ്ടത്.

മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തുപരീക്ഷ എന്നതിനപ്പുറത്തേക്ക് വികസിക്കേണ്ടതുണ്ട്. എൽ.പി, യു.പി ക്ലാസ്സുകളിൽ കുട്ടികളുടെ വായന ആലാപനം, എഴുത്ത്, സർഗ്ഗരചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഹൈസ്കൂൾ തലത്തിൽ വിഷയാടിസ്ഥാനത്തിൽ അനുയോജ്യമായ പ്രവർത്തനങ്ങൾ ആകാം..

സ്കൂൾ സമൂഹത്തിന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പട്ടികപ്പെടുത്താനുള്ള രേഖയല്ലിത്. നടപ്പാക്കണമെന്ന് തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി ക്രമപ്പെടുത്തുന്ന ഒരു രേഖയാണിത്.

1 വിദ്യാലയ ക്യാമ്പസുകളെ മദ്യം, മയക്കുമരുന്ന് മുക്തമാക്കുക.

2. പാഴ് വസ്തുക്കൾ പരിപാലന പദ്ധതികൾ ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം - അടക്കം കാര്യക്ഷമമായി നടപ്പാക്കുക.

3. വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക..

# ഭാഷാവികാസം

## 1 വിഷയം : മലയാളം

**ലക്ഷ്യങ്ങൾ**

1) എല്ലാ കട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്നു ഉറപ്പാക്കുക.

2) എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.

3) കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക

4) സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5) ഭാഷാശേഷിവികാസത്തിനായി പ്രയോജനപ്പെടുത്തുക. സാങ്കേതികവിദ്യാ സാധ്യതകളെ

പ്രവർത്തനങ്ങൾ

അർത്ഥപൂർണ്ണമായ വായന (ആശയഗ്രഹണ വായന) ഉറപ്പാക്കുക.

**1. പത്രവായനയും വിശകലന**വും: പ്രതിദിനം ക്ലാസുകളിൽ ഗ്രൂപ്പായി പത്രവായന നടത്തുക. വാർത്തകളോടുള്ള പ്രതികരണങ്ങൾ ചർച്ചചെയ്യുക. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരമൊരുക്കുക

**2. ബാലമാസികകൾ വായനയും വിശകലനവും**: ക്ലാസ് ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലെയും പുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.

**3. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ**: ആഴ്ചയിലൊരു പുസ്തകം വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. പുസ്തകക്കുറിപ്പ് തയ്യാറാക്കൽ, പുസ്തകത്തിലെ ആശയങ്ങളെ ആധാരമാക്കി ആവിഷ്കാരങ്ങൾ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, ചർച്ച തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. **വായനാക്കൂട്ടം**: പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഓരോ കുട്ടിയും വായിച്ച് കുറിപ്പെഴുതി മറ്റുള്ളവരെ കേൾപ്പിക്കുക.

ആശയവിനിമയശേഷി വികസിപ്പിക്കുക.

1. വായനാക്കൂട്ടം: പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഓരോ കട്ടിയും വായിച്ച് കുറിപ്പെഴുതി മറ്റുള്ളവരെ കേൾപ്പിക്കുക.

2. വായനാവാരാചരണം. പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

3. പ്രസംഗ മത്സരങ്ങൾ, ഉപന്യാസ രചനമത്സരങ്ങൾ നടത്തുക.

4. കട്ടികളുടെ ആകാശവാണി വിശേഷദിനങ്ങൾ ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേകപരിപാടികൾ, നാട്ടുവാർത്തകൾ, രാജ്യവാർത്തകൾ, ലോകവാർത്തകൾ, കൗതുകവാർത്തകൾ, കായികവാർത്തകൾ, വിജ്ഞാനവീഥി, പ്രഭാഷണങ്ങൾ, അറിയിപ്പുകൾ. സർഗ്ഗപരിപാടികൾ, കാവ്യാലാപനം എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുക.

1. പതിപ്പുകൾ തയ്യാറാക്കൽ: കുട്ടികളുടെ പതിപ്പുകൾ, ക്ലാസ് പതിപ്പുകൾ എന്നിവ തയ്യാറാക്കുകയും അവയുടെ എഡിറ്റിംഗ് പരിശീലനം നൽകുകയും ചെയ്യുക.

2. കവിതാസ്വാദനം, കഥപറച്ചിൽ, കഥാകഥനം തുടങ്ങിയവ ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്യാമ്പുകൾ ആസൂത്രണം ചെയ്യുക.

3. സർഗ്ഗാത്മക നാടകപ്രവർത്തനങ്ങൾ പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം നാടകാവിഷ്കാരം, കവിതാലാപനം, കഥാരൂപത്തിലുള്ള ആവിഷ്കാരം എന്നിവയ്ക്ക് അവസരം നൽകുക. (തെളിവാനം വരക്കുന്നവർ) എന്ന പുസ്തകം പ്രയോജനപ്പെടുത്തി സർഗ്ഗരചനക്ക് അവസരം നൽകിയാൽ ലഹരിക്കെതിരായ മനോഭാവം വളർത്താൻ കഴിയും.

4. കുട്ടികളുടെ രംഗവേദികൾ: കട്ടികളിൽ സാമൂഹികമൂല്യങ്ങളും പൗരബോധവും വികസിപ്പിക്കാനുള്ള അവസരമായി ഇതിനെ പ്രയോജനപ്പെടുത്തുക. ഉദാഹരണത്തിന്, 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം പ്രയോജനപ്പെടുത്തി ലഹരിക്കെതിരായ നിലപാടെടുക്കുന്നതിലേക്ക് കട്ടികളുടെ ചിന്തയെ വളർത്തിയെടുക്കാനുള്ള സാധ്യതകൾ ഉപയോഗിക്കുക.

5. ബാലസഭ/ സർഗ വേള ശക്തിപ്പെടുത്തുക.

## II വിഷയം ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കട്ടികളെയും പ്രാപ്തരാക്കുക

3. സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.

4.ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക

5.സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.

1. ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ നൽകുക (ദൈനംദിന ക്ലാസ്റൂം സംഭാഷണങ്ങൾ)

2. ഡിക്ഷ്നറി ഉപയോഗം പ്രോത്സാഹിപ്പിക്കുക

3. ഇംഗ്ലീഷ് സംവാദങ്ങൾക്കും പ്രസംഗങ്ങൾക്കും അവസരം നൽകുക.

4. ഇംഗ്ലീഷ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

4. ചിത്രവായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

ഇംഗ്ലീഷ് സാഹിത്യ ആസ്വാദനം വളർത്തുക

1. ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക

2. ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

3. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഇംഗ്ലീഷ് സാഹിത്യ ശില്പശാലകൾ നടത്തുക.

## III. വിഷയം പരിസര പഠനം

ലക്ഷ്യങ്ങൾ

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.

3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക. ഉപകരണങ്ങൾ

പ്രകൃതിപഠനയാത്രകൾ

4.ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ.

5.കുടിവെള്ളസംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ളപരിശോധന, ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തൽ.

6.വിവിധതരം കമ്പോസ്റ്റിങ് സാധ്യതകൾ പരീക്ഷിക്കൽ, ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ.

7.പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ.

8.ആരോഗ്യവിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ ശുചിത്വക്യാമ്പസിനായുള്ള വിദ്യാർഥികളുടെ നിയമാവലി തയ്യാറാക്കൽ, അതിനെ പ്രയോജനപ്പെടുത്തൽ.

9.ലഹരിവിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ, ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ.

## IV വിഷയം-ഐസിടി സാധ്യതകൾ

1. പഠനബോധനപ്രക്രിയയിലും അറിവു നിർമ്മാണപ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർത്തുള്ള വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.

2. മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.

3. നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തുക. റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ

4. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കംപ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.

5.കുട്ടികൾക്കും ടീച്ചർക്കും (ടൈപ്പിംഗ്, ഇന്റർനെറ്റ് എടുക്കൽ, ഫോൾഡർ നിർമ്മാണം തുടങ്ങിയവ) കംപ്യൂട്ടർ നൈപുണി വികസിപ്പിക്കുക.

6.പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹരണത്തിന് ആവശ്യമായ വിവരങ്ങൾ ഇന്റർനെറ്റ് വഴി ശേഖരിക്കുക.

7. ഓരോ വിഷയമേഖലകളിലും ഈ സാധ്യതയെ പ്രയോജനപ്പെടുത്താനുള്ള അന്വേഷണചിന്ത.

8. ഈ സങ്കേതത്തെ വിവേകപൂർണ്ണമായി പ്രയോജനപ്പെടുത്താമെന്ന തിരിച്ചറിവ്  വികസിപ്പിക്കുക.

## V. വിഷയം-ആരോഗ്യകായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

2. ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ വളർത്തുക.

3. ആരോഗ്യ കായികവിദ്യാഭ്യാസത്തിന് പ്രാദേശിക-ലിംഗ- വർഗ്ഗഭേദമന്യേ എല്ലാകുട്ടികൾ അവസരങ്ങൾ ഒരുക്കുക.

4. ക്യാംപസിനെ മാലിന്യമുക്തമാക്കൽ, ഹരിതാഭമാക്കൽ തുടങ്ങിയവയിൽ പങ്കെടുക്കാനുള്ള മനോഭാവം വികസിപ്പിക്കുക.

കുട്ടികൾക്ക് മാനസിക ഉല്ലാസം ഉറപ്പാക്കുന്നതിനായും അവർക്ക് പല കാരണങ്ങളാൽ ഉണ്ടാകാൻ ഇടയുള്ള സമ്മർദ്ദം, ആകാംക്ഷ പിരിമുറുക്കം എന്നിവയിൽ നിന്ന് മോചിതമാകുന്നതിന്

## V . ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം

1. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ സൗകര്യങ്ങൾ- ക്ലാസ്സിലും സ്കൂൾ ക്യാമ്പസ്സിലും.

2. കംപോസ്റ്റിങ് സൗകര്യങ്ങൾ

3. ജൈവവൈവിധ്യപാർക്ക്

4. ശലഭോദ്യാനം

5. ഔഷധത്തോട്ടം

6. ജൈവകൃഷിത്തോട്ടം

7. പൂന്തോട്ടം

8. ചുറ്റുമതിൽ - പുറംഭിത്തിയും അകംഭിത്തിയും ആകർഷകമാക്കുക

9. പ്രവേശനകവാടങ്ങൾ മികച്ചതാക്കൽ

10.. ദിശാബോർഡുകൾ സ്ഥാപിക്കൽ

11. വിദ്യാലയകെട്ടിടങ്ങളുടെ ചുവരുകൾ പഠനമൂല്യമുള്ളതാക്കി മാറ്റൽ

ലഹരി വിരുദ്ധ അവബോധം കുട്ടികളിൽ വളർത്തുക

കട്ടികളിൽ ലഹരിക്കെതിരായ മനോഭാവമാണ് വികസിക്കേണ്ടത്.

പാഠപുസ്തകങ്ങളിലെ ആശയങ്ങളിൽ അനുയോജ്യമായവ വിനിമയം ചെയ്യുമ്പോൾ ലഹരിക്കെതിരായ മനോഭാവം വളർത്താൻ സഹായകമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

സ്കൂൾ പാർലമെന്റിന്റെ നേതൃത്വത്തിൽ ഓരോ പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ.

ക്ലാസ് തല ചർച്ചകൾ, സംവാദങ്ങൾ.

ലഹരി വിരുദ്ധ മുദ്രാഗീതങ്ങൾ രചിക്കുക.

ലഹരി വിരുദ്ധ സന്ദേശങ്ങൾ പൊതുഇടങ്ങളിൽ പ്രചരിപ്പിക്കുക

## അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ

1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക. (മലയാളം, ഇംഗ്ലീഷ്)

2. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക. (മലയാളം, ഇംഗ്ലീഷ്)

3. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.

4. രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.

5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

6 സംഖ്യാബന്ധങ്ങൾ, സംഖ്യാ വ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക

7. പരിസര പഠനവുമായി ബന്ധമുള്ള ലഘു നിർമാണപ്രാജക്ടുകളിൽ ധാരണ നേടുക.

## ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി).

2. എസ്.ആർ.ജി യോഗത്തിലെ പരിശീലന അനുഭവ റിപ്പോർട്ട് അവതരണ

3.. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.

4. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.

5.. പരീക്ഷനോത്സവം, പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏർപ്പെടുന്ന ലഘു പരീക്ഷണങ്ങൾ

6.. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.

7.. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ശില്പശാലകൾ.

8.. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപക-രക്ഷിതമാർഗ്ഗത്തിലും.

9.. വായനോത്സവം, രചനോത്സവം.

## അവസ്ഥാ വിശകലനവും മുൻഗണനകളും

ഒരു കാലത്ത് വളരെയേറെ കുട്ടികൾ പഠിച്ചിരുന്ന വിദ്യാലയം ആയിരുന്നു ഇത്. ജനന നിരക്ക് കുറഞ്ഞ് വന്നതും പുതു തലമുറ വിദ്യാലയങ്ങൾ ഉയർന്നുവന്നതും കാലത്തിനൊത്ത് ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കാൻ കഴിയാഞ്ഞതും മൂലം കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. സാമ്പത്തികമായും സാമൂഹ്യമായും താഴെ തട്ടിലുള്ള മാതാപിതാക്കളുടെ കുട്ടികൾ മാത്രമാണ് ഇവിടെ പഠിക്കുന്നത്. വണ്ടിക്കൂലിയും സ്കൂൾ മറ്റു ചിലവുകളും അടക്കം പ്രതിമാസം 10000 ൽ അധികം രൂപ അധ്യാപകരുടെ കയ്യിൽ നിന്നും മുടക്കേണ്ടിവരുന്നതിനാൽ സ്കൂൾവികസനത്തിന് കൂടുതൽ തുക കണ്ടെത്താൻ അധ്യാപകർക്കു കഴിയില്ല. കുട്ടികൾ കുറവായതു കാരണം പഠനത്തിൽ കൂടുതൽ വ്യക്തിപര ശ്രദ്ധ നൽകാൻ കഴിയുന്നുണ്ട്. എണ്ണത്തിൽ കുറവെങ്കിലും ഉള്ള രക്ഷിതാക്കൾ സ്കൂളിന് മികച്ച പിന്തുണ തന്നെ നൽകി വരുന്നു.

പ്രവർത്തന പദ്ധതി

പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും

## ദീർഘകാലം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് റൂം ടൈൽ ഇട്ട് മനോഹരമാക്കൽ | സ്കൂളിന്റെ ഭൗതീക സൗകര്യം മെച്ചപെടുത്തുന്നതിനു ക്ലാസ്സ് മുറികൾ ടൈൽ ഇടുന്നു | 2 വർഷം | പിടിഎ . മാനേജ്മെന്റ് | പൂർവ വിദ്യാർത്ഥികൾ മാനേജ്മെന്റ് |
| വിദ്യാലയത്തിൽ ഗ്രീൻ പോട്ടോക്കോൾ പരിപാലിക്കുക | പൂർണമായും ഹരിത ചട്ടങ്ങൾ പാലിക്കുന്ന വിദ്യാലയം സൃഷ്ടിക്കുക | 2 വർഷം | പിടിഎ . മാനേജ്മെന്റ് | അധ്യാപകർ, മാനേജ്മെന്റ് |
| വിദ്യാലയ കെട്ടിടത്തിന്റെ ചുമരുകൾ പഠന മൂല്യമുള്ളതാക്കി മാറ്റൽ | വിദ്യാലയത്തിന്റെ അകം ചുമരുകൾ ചിത്രം വരച്ച് ഭംഗിയാക്കുന്നു. | 2 വർഷം | പിടിഎ . മാനേജ്മെന്റ്, അധ്യാപകർ, | പി.ടി.എ പൊതു സമൂഹം |
| കുട്ടികളുടെ പാർക്ക് | പുതിയ കുട്ടികളെ ആകർഷിക്കുന്നതിനായി കുട്ടികളുടെ പാർക്ക് സജ്ജമാക്കുക | 3 വർഷം | പി.ടി.എ മാനേജ്മെന്റ് | പി.ടി.എ പൊതു സമൂഹം |

## മധ്യകാലം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Dictionary പരിചയപ്പെടൽ | Dictionary അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി, പദസമ്പത്ത് വർധിപ്പിക്കൽ | ഒരു വർഷം | അധ്യാപകർ, രക്ഷിതാക്കൾ | |
| പ്രകൃതി പഠന യാത്രകൾ | | | | |
| ക്യാമ്പസിനെ ഹരിതാഭമാക്കൽ | | | | |
| ജൈവ കൃഷി തോട്ടം | | | | |

## ഹ്രസ്വകാലം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്രവായന | ദൈനം ദിന വാർത്തകൾ അറിയുക<br>വായനാശീലം വളർത്തുക | 4 മാസം | കുട്ടികൾ | |
| ക്ലാസ് റൂം ഗണിത കിറ്റ് | ഗണിതാശയങ്ങൾ ലളിതമായി മനസിലാക്കാൻ ഉപയോഗിക്കുന്ന വിവിധ തരം വസ്തുക്കളും സാമഗ്രികളും തിരിച്ചറിയുന്നതിന്. | 6 മാസം | അധ്യാപകർ, കുട്ടികൾ | സ്കൂൾ |
| ലൈബ്രറി പുസ്തകങ്ങൾ ശേഖരണവും പ്രദർശനവും | വായന പ്രോത്സാഹിപ്പിക്കിന്നതിനു<br>കവികളെയും എഴുത്തുകാരെയും പരിചയപെടുന്നതിന് | | | |
| പതിപ്പുകൾ | ദിനാചരണങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു | | | |
| ശുചിത്വ ബോധവത്കരണ പരിപാടി | വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെ കുറിച്ച് അവബോധം നേടുന്നു | | | |

വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളുമായി ഏകോപിച്ചിട്ടുണ്ട്. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ പൊതു സമൂഹം പഞ്ചായത്ത്, വിദ്യാഭ്യാസവിഭഗർ തുടങ്ങി എല്ലാവരുടേയും കൂട്ടായ്മയിൽ ആണ് ഇത് സാധ്യമാവുന്നത്

ഉപസംഹാരം

വരുന്ന മൂന്നുവർഷത്തേക്കുള്ള പ്രവർത്തന പദ്ധതിയാണ് ഈ മാസ്റ്റർ പ്ലാൻ. ഇതു ഒരു കരടു രൂപം മാത്രമാണ് ഓരോ പ്രവർത്തനങ്ങൾ ചെയ്യുമ്പോഴും കൂടുതൽ വിപുലീകൃതമാക്കാൻ സാധിക്കും. പ്രവർത്തന വിലയിരുത്തലിലൂടെ പോരായ്മകൾ പരിഹരിച്ച് മുന്നോട്ടു പോകാൻ കഴിയും.

# സ്കീം ഓഫ് വർക്ക് STD 2

| മാസം | വിഷയം | യൂണിറ്റ് | പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|---|
| ജൂൺ | ഉദ്ഗ്രഥിതം | മഴയോ മഴ | മഴ ചിത്രം,ലഘു പരീക്ഷണങ്ങൾ മഴക്കവിതകൾ |
| | ഗണിതം | അടുക്കളയിലെ രൂപങ്ങൾ | രൂപങ്ങൾ പരിചയപ്പെടൽ, വരയ്ക്കൽ |
| | ഇംഗ്ലീഷ് | An Umbrella for All | Story Reading, Vacabulary |
| ജൂലൈ | ഉദ്ഗ്രഥിതം | നന്നായ് ഉണ്ണാൻ | കൃഷിയെ പറ്റി അറിയൽ |
| | ഗണിതം | ഒളിച്ചേ..കണ്ടേ<br>നല്ല നാടിനായ് - നല്ല നാളേയ്ക്കായ് | |
| | ഇംഗ്ലീഷ് | An Umbrella for All | |
| ഓഗസ്റ്റ് | ഉദ്ഗ്രഥിതം | എന്താണമ്മേ സ്വാതന്ത്ര്യം<br>പൂരം പൊടിപൂരം | |
| | ഗണിതം | നല്ല നാടിനായ് - നല്ല നാളേയ്ക്കായ് | |
| | ഇംഗ്ലീഷ് | A  Piece of Cake | |
| സെപ്റ്റംബർ | ഉദ്ഗ്രഥിതം | പൂരം പൊടിപൂരം<br>രുചിമേളം | |
| | ഗണിതം | സമ്മാനപ്പൊതി | |
| | ഇംഗ്ലീഷ് | A Piece of Cake<br>The Village of Birds | |
| ഒക്ടോബർ | ഉദ്ഗ്രഥിതം | പറക്കും വീട് | |
| | ഗണിതം | ഒന്നായ് ചേരാം നന്നായ് വളരാം | |

| | | | |
|---|---|---|---|
| | ഇംഗ്ലീഷ് | The Village of Birds | |
| നവംബ ർ | ഉദ്ഗ്രഥിതം | മണിയന്റെ യാത്ര<br>പച്ചിലത്തുമ്പിലൂടെ | |
| | ഗണിതം | വനോൽസവം<br>ചങ്ങാതിക്കൂട്ടം | |
| | ഇംഗ്ലീഷ് | The Village of Birds<br>Star in the Jar | |
| ഡിസം ബർ | ഉദ്ഗ്രഥിതം | പച്ചിലത്തുമ്പിലൂടെ<br>ആരോഗ്യം സമ്പത്ത് | |
| | ഗണിതം | ചങ്ങാതിക്കൂട്ടം | |
| | ഇംഗ്ലീഷ് | Star in the Jar | |
| ജനുവരി | ഉദ്ഗ്രഥിതം | ആരോഗ്യം സമ്പത്ത്<br>സിംഹരാജനും മാൻ കുഞ്ഞും | |
| | ഗണിതം | അളന്നു നോക്കാം<br>കലണ്ടറിലെ കളികൾ | |
| | ഇംഗ്ലീഷ് | Star in the Jar<br>Robo and Friends | |
| ഫെബ്രു വരി | ഉദ്ഗ്രഥിതം | സിംഹ രാജനും മാൻ കുഞ്ഞും<br>മിന്നിമിനുങ്ങും മിന്നാമിന്നി | |
| | ഗണിതം | കലണ്ടറിലെ കളികൾ<br>ചന്തമുള്ള ബന്ധങ്ങൾ | |
| | ഇംഗ്ലീഷ് | Robo and Friends | |

| | | | |
|---|---|---|---|
| മാർച്ച് | ഉദ്ഗ്രഥിതം | മിന്നിമിനുങ്ങും മിന്നാമിന്നി | |
| | ഗണിതം | നോക്കി..... നോക്കി<br>കളത്തിലാക്കാം<br><br>പുനരവലോകനം (റിവിഷൻ) | |
| | ഇംഗ്ലീഷ് | Robo and Friends | |

# Scheme of work STD 3

| മാസം | വിഷയം | യൂണിറ്റ് | പ്രധാന പ്രവർത്തനം |
|---|---|---|---|
| ജൂൺ | മലയാളം | യൂണിറ്റ് 1<br>കനകച്ചിലങ്ക | കവിത താളാത്മകമായി ചൊല്ലാൻ ക്ലാസ്സിൽ അവസരമൊരുക്കൽ.കവിതയുമായി ബന്ധപ്പെട്ട ചിത്രീകരണം നടത്തൽ. നാടൻപാട്ട് അവതരണം<br>താളം കണ്ടെത്തൽ (വായ്ത്താരി)താളത്തിനനുസരിച്ചുള്ള വായ്ത്താരി നിർമ്മാണം.<br>പഴഞ്ചൊല്ലുകൾ വിശകലനം ചെയ്യൽ.<br><br>അനുഭവവിവരണം എഴുതൽ .<br><br>നിഘണ്ടു പരിചയം |
| | ഇംഗ്ലീഷ് | Unit 1Tender Touch | To develop human values such as empathy, compassion and the importance of friendship. |
| | ഗണിതം | യൂണിറ്റ് 1<br>രൂപങ്ങൾ വരയ്ക്കാം. | ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു.<br>ജാമിതീയ രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പസിലുകൾ നിർമ്മിക്കുന്നു. |
| | പരിസര പഠനം | യൂണിറ്റ് 1<br>ഹരിതഭൂമി. | ചുറ്റുപാടുള്ള സസ്യങ്ങളെ നിരീക്ഷിച്ച് സവിശേഷതകൾ തിരിച്ചറിഞ്ഞ് സസ്യ ലോകത്തെ വൈവിധ്യങ്ങൾ ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.<br>സസ്യങ്ങളുടെ സവിശേഷതകൾ അനുസരിച്ച് അവയെ തരംതിരിക്കുന്നതിനുള്ള ശേഷി.<br><br>സസ്യ ഭാഗങ്ങളായ ഇല പേര് തണ്ട് എന്നിവ നിരീക്ഷിച്ച് തിരിച്ചറിയുന്നു.<br><br>വിത്തിൽ നിന്നുണ്ടാകുന്ന ചെടി നിരീക്ഷിച്ച് അവയുടെ വളർച്ചാ ഘട്ടങ്ങൾ തിരിച്ചറിയുന്നു.. |

| | | | |
|---|---|---|---|
| ജൂലൈ | മലയാളം | യൂണിറ്റ് 1<br>കനകച്ചിലങ്ക | കവിത താളാത്മകമായി ചൊല്ലാൻ ക്ലാസ്സിൽ അവസരമൊരുക്കൽ.കവിതയുമായി ബന്ധപ്പെട്ട ചിത്രീകരണം നടത്തൽ. നാടൻപാട്ട് അവതരണം<br>താളം കണ്ടെത്തൽ (വായ്ത്താരി)താളത്തിനനുസരിച്ചുള്ള വായ്ത്താരി നിർമ്മാണം. പഴഞ്ചൊല്ലുകൾ വിശകലനം ചെയ്യൽ.<br>അനുഭവവിവരണം എഴുതൽ .<br>നിഘണ്ടു പരിചയം |
| | ഇംഗ്ലീഷ് | Unit 1Tender Touch | enjoys rhymes/poems and adds line<br>Story Narration. |
| | ഗണിതം | യൂണിറ്റ് 2 - സംഖ്യകൾ കൂട്ടുകാർ.<br>യൂണിറ്റ് 3 ആയിരം ആയിരം. | ഒന്നു മുതൽ 100 വരെയുള്ള സംഖ്യകളുടെ സ്ഥാനവില, വലിപ്പം എന്നിവ തിരിച്ചറിയുന്നു.<br>നിത്യ ജീവിതത്തിന്റെ ഭാഗമായും, കളികളുടെ ഭാഗമായും ആയിരം വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു പ്രശ്നപരിഹരണം<br>നടത്തുന്നു.<br>* സംഖ്യ പാറ്റേണുകളിലെ സംഖ്യകളുടെ പരസ്പര ബന്ധം കണ്ടെത്തുന്നു.<br>* കറൻസികളുടെയും നാണയങ്ങളുടെയും ക്രയവിക്രയങ്ങൾ.<br>ഒന്നു മുതൽ 2000 വരെയുള്ള സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.<br>* നോട്ടുകളുടെയും നാണയങ്ങളുടെയും മൂല്യം തിരിച്ചറിയുന്നു.<br>* രണ്ടക്ക സംഖ്യകൾ മൂന്നക്ക സംഖ്യകൾ എന്നിവയുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു. |
| | പരിസര പഠനം | യൂണിറ്റ് 1<br>ഹരിതഭൂമി. | ചുറ്റുപാടുള്ള സസ്യങ്ങളെ നിരീക്ഷിച്ച് സവിശേഷതകൾ തിരിച്ചറിഞ്ഞ് സസ്യ ലോകത്തെ വൈവിധ്യങ്ങൾ ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.<br>* സസ്യങ്ങളുടെ സവിശേഷതകൾ അനുസരിച്ച് അവയെ തരംതിരിക്കുന്നതിനുള്ള ശേഷി.<br>* സസ്യ ഭാഗങ്ങളായ ഇല പേര് തണ്ട് എന്നിവ നിരീക്ഷിച്ച് തിരിച്ചറിയുന്നു.<br>* വിത്തിൽ നിന്നുണ്ടാകുന്ന ചെടി നിരീക്ഷിച്ച് അവയുടെ വളർച്ചാ ഘട്ടങ്ങൾ തിരിച്ചറിയുന്നു. |

| | | | |
|---|---|---|---|
| | | യൂണിറ്റ് 2 ജന്തുലോക ത്തേക്ക് | നിരീക്ഷണം, പട്ടികപ്പെടുത്തൽ, വർഗീകരണം, താരതമ്യം, തുടങ്ങിയ പ്രക്രിയാശേഷികൾ നേടുന്നു.<br><br>* പരിസരത്തുള്ള ജീവികളെ നിരീക്ഷിക്കുന്നു. |
| ആഗസ്റ്റ് | മലയാളം | യൂണിറ്റ് 2 - പലഹാരപ്പൊ തി. | കഥ പറയൽ.<br><br>കവിത വായിച്ച് ഈണം,താളം എന്നിവ നൽകി ആലപിക്കൽ.<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം.<br><br>ഡയറി- മഴക്കാലനുഭവങ്ങൾ,ദൈനംദിന ഡയറി .<br><br>പറഞ്ഞും എഴുതിയും സംഭാഷണം വികസിപ്പിക്കൽ.<br><br>അഭിമുഖ ചോദ്യാവലി നിർമ്മാണം, അഭിമുഖം നടത്തൽ.<br><br>കത്ത് എഴുതി തയ്യാറാക്കൽ. |
| | ഇംഗ്ലീഷ് | Unit 2 The festive fun | understanding of different types of celebrations and festivals. |
| | ഗണിതം | യൂണിറ്റ് 3 ആയിരം ആയിരം.<br><br>യൂണിറ്റ് 4 കൂട്ടുകൂടാം. | ഒന്നു മുതൽ 2000 വരെയുള്ള സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.<br><br>നോട്ടുകളുടെയും നാണയങ്ങളുടെയും മൂല്യം തിരിച്ചറിയുന്നു.<br><br>രണ്ടക്ക സംഖ്യകൾ മൂന്നക്ക സംഖ്യകൾ എന്നിവയുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു.<br><br>മൂന്നക്ക സംഖ്യകളുടെ സങ്കലനം.<br><br>മൂന്നക്ക സംഖ്യകളുടെ സ്ഥാന വിലക്കനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യുന്നു |
| | പരിസര പഠനം | യൂണിറ്റ് 2 ജന്തുലോക ത്തേക്ക് | നിരീക്ഷണം, പട്ടികപ്പെടുത്തൽ, വർഗീകരണം, താരതമ്യം, തുടങ്ങിയ പ്രക്രിയാശേഷികൾ നേടുന്നു. പരിസരത്തുള്ള ജീവികളെ നിരീക്ഷിക്കുന്നു.<br><br>ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ജലവും മണ്ണും അത്യന്താപേക്ഷിതമാണ് എന്ന ആശയം.<br><br>ഭൂമിയിൽ ലഭിക്കുന്ന ശുദ്ധജലത്തിന്റെ സ്രോതസ്സ് മഴയാണ് എന്ന ആശയം. |

| | | | |
|---|---|---|---|
| | | യൂണിറ്റ് 3 ജലവും മണ്ണും | മണ്ണിൽ ധാരാളം ജീവികൾ ഉണ്ട്.<br>വിവിധതരം മണ്ണുകൾ ഉണ്ട്. |
| സെപ്റ്റംബർ | മലയാളം | യൂണിറ്റ് 2 - പലഹാരപ്പൊതി. | കഥ പറയൽ .കവിത വായിച്ച് ഈണം,താളം എന്നിവ നൽകി ആലപിക്കൽ.ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം.<br>ഡയറി- മഴക്കാലനുഭവങ്ങൾ,ദൈനംദിന ഡയറി .<br>പറഞ്ഞും എഴുതിയും സംഭാഷണം വികസിപ്പിക്കൽ.<br>അഭിമുഖ ചോദ്യാവലി നിർമ്മാണം, അഭിമുഖം നടത്തൽ.കത്ത് എഴുതി തയ്യാറാക്കൽ |
| | ഇംഗ്ലീഷ് | Unit 2 The festive fun | write conversation, poster preparation. |
| | ഗണിതം | യൂണിറ്റ് 5 അളന്നു കുറിക്കാം. | നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ മീറ്റർ, സെന്റീമീറ്റർ എന്നിവയെ തിരിച്ചറിയുന്നു.<br>സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം അളക്കാനുള്ള ശേഷി നേടുന്നു. |
| | പരിസര പഠനം | യൂണിറ്റ് 3 ജലവും മണ്ണും. | ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ജലവും മണ്ണും അത്യന്താപേക്ഷിതമാണ് എന്ന ആശയം.<br>ഭൂമിയിൽ ലഭിക്കുന്ന ശുദ്ധജലത്തിന്റെ സ്രോതസ്സ് മഴയാണ് എന്ന ആശയം.<br>മണ്ണിൽ ധാരാളം ജീവികൾ ഉണ്ട്.<br>വിവിധതരം മണ്ണുകൾ ഉണ്ട്. |
| ഒക്ടോബർ | മലയാളം | യൂണിറ്റ്- 3 മനുഷ്യന്റെ കൈകൾ. | ഗദ്യഭാഗങ്ങൾ മനസ്സിൽ തട്ടുന്നവിധം ഉചിതമായ ശബ്ദവ്യതിയാനത്തോടെ വായിക്കല് .<br>വായിച്ചുകേട്ട ഗദ്യഭാഗങ്ങളിലെ ആശയങ്ങളെ വിശകലനം ചെയ്ത് കണ്ടെത്തൽ.<br>ആശയങ്ങളുടെ ചിത്രീകരണം.<br>നാടൻപാട്ട്- ദൃശ്യാവിഷ്കാരം ചെയ്യൽ. |
| | ഇംഗ്ലീഷ് | Unit 3 In Harmony | values of compassion and concern in every one.<br>describes picture in simple sentences. |
| | ഗണിതം | യൂണിറ്റ് 6 കൂട്ടി | 3, 4,6, എന്നീ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകളെ കുറിച്ച് ധാരണ നേടുന്നു. |

| | | | |
|---|---|---|---|
| | | കൂട്ടിക്കൂട്ടി. | ഗുണന ചിന്തയും ഗണന ചിന്തയും വളർത്തുന്നു.<br><br>ഗുണനത്തിന്റെ പ്രായോഗിക പ്രശ്നങ്ങൾ തിരിച്ചറിയുന്നു. |
| | പരിസര പഠനം | യൂണിറ്റ് 4 വൃത്തി നൽകും ശക്തി. | വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവ ശീലിക്കുവാനുള്ള മനോഭാവം വളർത്തുന്നു.മാലിന്യ സംസ്കരണം മാർഗ്ഗങ്ങൾ തിരിച്ചറിയുന്നു.ലഘുപരീക്ഷണങ്ങൾ നടത്തി നിഗമനത്തിൽ എത്തുന്നു |
| നവംബർ | മലയാളം | യുണിറ്റ് 4 - അപ്പൂപ്പൻ താടി. | ചോദ്യോത്തരപ്പാട്ടുകൾ താളമിട്ട് ചൊല്ലി അവതരിപ്പിക്കൽ.<br><br>മഴക്കവിതാരചന.<br><br>കവിതയെ അടിസ്ഥാനമാക്കി ചിത്രം തയ്യാറാക്കൽ.<br><br>ചിത്രത്തിൽ നിന്ന് വിവരണം രൂപപ്പെടുത്തൽ<br><br>മനസ്സിൽത്തട്ടിയ അനുഭവങ്ങൾ പറയൽ.<br><br>വായനക്കുറിപ്പ് തയ്യാറാക്കൽ<br><br>ഭാവാത്മകവായന<br><br>.കഥയ്ക്കു യോജിച്ച ചിത്രംവര.<br><br>കഥയിൽ തുടർന്നെന്തുണ്ടായി - കൂട്ടിച്ചേർക്കൽ.<br><br>പ്രകൃതിനടത്തം - കാഴ്ചകൾ എഴുതൽ, ചിത്രീകരിക്കൽ. |
| | ഇംഗ്ലീഷ് | Unit 3 In Harmony | solves riddles and writes one’s own riddles. |
| | ഗണിതം | | |
| | പരിസര പഠനം | യൂണിറ്റ് 5 ആഹാരവും ആരോഗ്യവും. | ശരിയായ ആഹാരവും ആഹാര ശീലങ്ങളും മനസ്സിലാക്കുന്നു.<br><br>വൈവിധ്യമാർന്ന ഭക്ഷണങ്ങളെക്കുറിച്ചും അവയുടെ ഗുണങ്ങളെയും തിരിച്ചറിയുന്നു |
| ഡിസംബർ | മലയാളം | യൂണിറ്റ് 4 - അപ്പൂപ്പൻ | ചോദ്യോത്തരപ്പാട്ടുകൾ താളമിട്ട് ചൊല്ലി അവതരിപ്പിക്കൽ. മഴക്കവിതാരചന.കവിതയെ അടിസ്ഥാനമാക്കി ചിത്രം തയ്യാറാക്കൽ. ചിത്രത്തിൽ നിന്ന് വിവരണം രൂപപ്പെടുത്തൽ. |

| | | | |
|---|---|---|---|
| | | താടി. | മനസ്സിൽ തട്ടിയ അനുഭവങ്ങൾ പറയൽ.<br><br>വായനക്കുറിപ്പ് തയ്യാറാക്കല് .ഭാവാത്മകവായന.കഥയ്ക്കു യോജിച്ച ചിത്രംവര.കഥയിൽ തുടർന്നെന്തുണ്ടായി - കൂട്ടിച്ചേർക്കൽ .<br><br>പ്രകൃതിനടത്തം - കാഴ്ചകൾ എഴുതൽ, ചിത്രീകരിക്കൽ. |
| | ഇംഗ്ലീഷ് | Unit 4 Blooms and breeze | listens to simple stories and enjoys them. enable the learners to narrates a simple story in once on language. |
| | ഗണിതം | | |
| | പരിസര പഠനം | യൂണിറ്റ് 6 സുരക്ഷിത ജീവിതം. | ശരീര സുരക്ഷ റോഡ് സുരക്ഷ എന്നിവയെ കുറിച്ച് അവബോധം നേടുന്നു. |
| ജനുവരി | മലയാളം | | |
| | ഇംഗ്ലീഷ് | Unit 4 Blooms and breeze | writes simple descriptions relevant to the context |
| | ഗണിതം | | |
| | പരിസര പഠനം | യൂണിറ്റ് 6 സുരക്ഷിത ജീവിതം.<br><br>യൂണിറ്റ് 7 നാം ജീവിക്കുന്ന ലോകം. | ശരീര സുരക്ഷ റോഡ് സുരക്ഷ എന്നിവയെ കുറിച്ച് അവബോധം നേടുന്നു.<br><br>നാം ജീവിക്കുന്ന ലോകത്തെപ്പറ്റിയുള്ള ഭൂമിശാസ്ത്രപരമായ ധാരണകൾ നേടുന്നു.<br><br>ഭൂപട നിരീക്ഷണം. ഗ്ലോബ് നിരീക്ഷണം. |
| ഫെബ്രുവരി | മലയാളം | | |
| | ഇംഗ്ലീഷ് | Unit 5 Honesty pays | understands the importance of work in maintaining a healthy and happy community.<br><br>write conversation, add more lines, describe picture in simple language. |
| | ഗണിതം | | |

| | | | |
|---|---|---|---|
| | പരിസര പഠനം | യൂണിറ്റ് 7 നാം ജീവിക്കുന്ന ലോകം. | നാം ജീവിക്കുന്ന ലോകത്തെപ്പറ്റിയുള്ള ഭൂമിശാസ്ത്രപരമായ ധാരണകൾ നേടുന്നു.<br>ഭൂപട നിരീക്ഷണം.ഗ്ലോബ് നിരീക്ഷണം |
| മാർച്ച് | മലയാളം | | |
| | ഇംഗ്ലീഷ് | | |
| | ഗണിതം | | |
| | പരിസര പഠനം | യൂണിറ്റ് 8 വീടും കൂടും | ജീവജാലങ്ങളുടെ വാസസ്ഥലത്തിന്റെ വൈവിധ്യം തിരിച്ചറിയുന്നു.<br>വിവിധ ജന്തുക്കളുടെ വാസസ്ഥലത്തെ കുറിച്ചുള്ള അന്വേഷണം നടത്തുന്നു. ,<br>വീട് നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കൾ, പൊതു സ്ഥാപനങ്ങളും അവയുടെ ചുമതലകളും. ,വീട്ടിലെ വ്യത്യസ്ത ചുമതലകൾ. ,വിവിധ വാസസ്ഥലങ്ങൾ നിരീക്ഷിച്ച് വിവരശേഖരണം നടത്തി ലഘു പ്രോജക്ട് തയ്യാറാക്കുന്നു. |

| മാസം | വിഷയം | യൂണിറ്റ് | പ്രധാന പ്രവർത്തനം |
|---|---|---|---|
| ജൂൺ | മലയാളം | യൂണിറ്റ് 1 ചിറകു വിരിച്ച് | താളമിട്ടു ചൊല്ലൽ. ,അമ്പിളിമാമനൊരു കത്ത് തയ്യാറാക്കൽ.സ്വന്തം കവിത തയ്യാറാക്കുക. |
| | ഇംഗ്ലീഷ് | Unit 1 Beyond Fear. | Learners analysis pictures and engages in discussions to connect with the text.<br>The learner realises the role of courage and leadership in overcoming fear.<br>The learner reflects on personnel experiences with fear and identifies Strategies for overcoming them. |
| | ഗണിതം | യൂണിറ്റ് 1 - വരകൾ രൂപങ്ങൾ.<br><br>യൂണിറ്റ് 2 | ചതുരം സമചതുരം ത്രികോണം വൃത്തം എന്നീ ആകൃതിയിലുള്ള രൂപങ്ങൾ തിരിച്ചറിയുന്നു,ചുറ്റുപാടുമുള്ള വിവിധ ത്രിമാനരൂപങ്ങൾ തിരിച്ചറിയുന്നു.ടാൻഗ്രാം ഉപയോഗിച്ച് ചതുരം,സമചതുരം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. നാലക്ക സംഖ്യകൾ രൂപീകരിക്കുന്നു വായിക്കുന്നു അക്ഷരത്തിൽ എഴുതുന്നു.<br>നാലക്ക സംഖ്യകളെ അബാക്കസിൽ ചിത്രീകരിക്കുന്നു. ,പ്രായോഗിക പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | ആയിരവും കടന്ന്. | നിർധാരണം ചെയ്യുന്നു. |
| | പരിസര പഠനം | യൂണിറ്റ് 1 ജീവികളും ചുറ്റുപാടും. | ജീവികളുടെ വാസസ്ഥലം തിരിച്ചറിയുന്നു.അനുകൂലനങ്ങൾ കണ്ടെത്തുന്നു.ആവാസ വ്യവസ്ഥയെ കുറിച്ച് ധാരണ നേടുന്നു. |
| ജൂലൈ | മലയാളം | യൂണിറ്റ് 2 ഇനിയും മുന്നോട്ട്.<br>ജൂലൈ- അരികെ അകലെ. | രചനാപരിചയകുറിപ്പ് തയ്യാറാക്കൽ. ,കവിതയിൽ നിന്ന് ചിത്രം തയ്യാറാക്കൽ,വാക്യങ്ങളിൽ നിന്ന് വരികൾ കണ്ടെത്തൽ. ,യാത്രാവിവരണം തയ്യാറാക്കൽ. ,ഡയറി എഴുത്ത്. |
| | ഇംഗ്ലീഷ് | Unit 1 Beyond Fear. | Learners analysis pictures and engages in discussions to connect with the text.<br>The learner realises the role of courage and leadership in overcoming fear.<br>The learner reflects on personnel experiences with fear and |
| | ഗണിതം | യൂണിറ്റ് 3 - എത്രയെത്ര സംഖ്യകൾ. | റോമൻ അക്കങ്ങൾ തിരിച്ചറിയുന്നു.പാറ്റേൺ പൂർത്തിയാക്കുന്നു.വിവിധ ആവശ്യങ്ങൾക്കായി നാണയങ്ങൾ/ കറൻസികൾ ഉപയോഗിച്ചുള്ള ക്രയവിക്രയം നടത്തുന്നു. |
| | പരിസര പഠനം | യൂണിറ്റ് - 2 ഇന്ത്യ എന്റെ രാജ്യം. | ഉപ്പുസത്യാഗ്രഹം ക്വിറ്റിന്ത്യാ സമരം സംബന്ധിച്ച വിവരശേഖരണം.,ഗാന്ധിജി ജവഹർലാൽ നെഹ്റു തുടങ്ങിയവരുടെ സംഭാവനകൾ- വിവരശേഖരണം. |
| ആഗസ്റ്റ് | മലയാളം | തോൽക്കാൻ മനസ്സില്ല. | ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. ,എന്റെ രചന -കവിത |
| | ഇംഗ്ലീഷ് | Unit -2 Voices in Unison. | Enable the learners to describe the pictures in simple English orally and written form.<br>Enable the learners to read and comprehend the story.<br>Enable the learners to find out describing words from the textbook.<br>Enable the learners to Under take simple projects and develop their scientific thinking. |
| | ഗണിതം | യൂണിറ്റ് 4- കൂടുന്ന കൂട്ടം | രണ്ട് നാലക്ക സംഖ്യകളുടെ ക്രിയ ചെയ്യുന്നു. , പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. |
| | പരിസര പഠനം | യൂണിറ്റ് - 2 ഇന്ത്യ എന്റെ രാജ്യം. | ഉപ്പുസത്യാഗ്രഹം ക്വിറ്റിന്ത്യാ സമരം സംബന്ധിച്ച വിവരശേഖരണം.ഗാന്ധിജി ജവഹർലാൽ നെഹ്റു തുടങ്ങിയവരുടെ സംഭാവനകൾ- വിവരശേഖരണം. |
| സെപ്റ്റംബർ | മലയാളം | യൂണിറ്റ് 3 കാറ്റേ കടലേ. | രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ. |

| | | | |
|---|---|---|---|
| | | .<br><br>അതിരും കതിരും | കഥ തയ്യാറാക്കൽ.<br><br>സങ്കല്പ വിദ്യാലയം- വിവരണം.<br><br>കത്ത് തയ്യാറാക്കൽ.<br><br>പത്രവാർത്ത തയ്യാറാക്കൽ.<br><br>കവിതാ രചന. |
| | ഇംഗ്ലീഷ് | | |
| | ഗണിതം | യൂണിറ്റ് 5 - നേരമായി. | വാച്ച് ക്ലോക്ക് മൊബൈൽ ഫോൺ എന്നിവ ഉപയോഗിച്ച് സമയം മണിക്കൂറിലും മിനിറ്റിലും പറയുന്നു.<br><br>ക്ലോക്ക് നിർമ്മിക്കുന്നു.<br><br>കലണ്ടറിന്റെ ആവശ്യകത തിരിച്ചറിയുന്നു. |
| | പരിസര പഠനം | യൂണിറ്റ് -3 ചിറകുള്ള പക്ഷികൾ.<br><br>യൂണിറ്റ് 4- കലാ കേരളം. | പക്ഷികളും വാസസ്ഥലങ്ങളും നിരീക്ഷണം -കുറിപ്പ് തയ്യാറാക്കൽ.<br><br>കേരള കലാരൂപങ്ങൾ തിരിച്ചറിയുന്നു കുറിപ്പ് തയ്യാറാക്കുന്നു. |
| ഒക്ടോബർ | മലയാളം | | |
| | ഇംഗ്ലീഷ് | | |
| | ഗണിതം | യൂണിറ്റ് -6 കുറയുന്ന കൂട്ടം. | വ്യവകലന ക്രിയ ചെയ്യുന്നു.<br><br>നാലക്ക സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി വ്യവകലനക്രിയ ചെയ്യുന്നു. |
| | പരിസര പഠനം | | |
| നവംബർ | മലയാളം | | |
| | ഇംഗ്ലീഷ് | | |

| | | | |
|---|---|---|---|
| | ഗണിതം | | |
| | പരിസര പഠനം | | |
| ഡിസംബർ | മലയാളം | | |
| | ഇംഗ്ലീഷ് | | |
| | ഗണിതം | | |
| | പരിസര പഠനം | | |
| ജനുവരി | മലയാളം | | |
| | ഇംഗ്ലീഷ് | | |
| | ഗണിതം | | |
| | പരിസര പഠനം | | |
| ഫെബ്രുവരി | മലയാളം | | |
| | ഇംഗ്ലീഷ് | | |
| | ഗണിതം | | |
| | പരിസര പഠനം | | |
| മാർച്ച് | മലയാളം | | |
| | ഇംഗ്ലീഷ് | | |
| | ഗണിതം | | |
| | പരിസര പഠനം | | |

# ദിനാചരണ കലണ്ടർ

| മാസം | തീയതി | പ്രത്യേകത | സവിശേഷ പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|
| ജൂൺ 2025 | 2 | പ്രവേശനോൽസവം | പൊതുസമ്മേളനം പഠനോപകരണ കിറ്റ് വിതരണം മധുര പലഹാരവിതരണം | |
| | 5 | പരിസ്ഥിതി ദിനം | വൃക്ഷതൈ നടീൽ ,പരിസ്ഥിതി ദിന ക്വിസ് , ചങ്ങാതിക്ക് ഒരു മരം,പരിസ്ഥിതിദിന റാലി | |
| | 19 | വായനാദിനം | വായന ദിനം/വായനാമത്സരം ,വായനദിന ക്വിസ് | |
| | 26 | ലഹരി വിരുദ്ധ ദിനം | | |
| ജൂലൈ 2025 | 5 | വൈക്കം മുഹമ്മദ് ബഷീർ ചരമദിനം \| | | |
| | 22 | ചാന്ദ്ര ദിനം | ചാന്ദ്രദിന ക്വിസ്,ചാന്ദ്രദിന പതിപ്പ്, ചന്ദ്രനുമായി ബന്ധപ്പെട്ട കഥകൾ, കടങ്കഥകൾ, ICT ഉപയോഗിച്ച് വീഡിയോ പ്രദർശനം | |
| | 28 | ലോക പ്രകൃതിസംരക്ഷണ ദിനം | പ്രകൃതി നടത്തം, പ്രകൃതിയിൽ  കണ്ട കാഴ്ചകളെ കുറിച്ച് കുറിപ്പ് എഴുതുക | |
| ആഗസ്റ്റ് 2025 | 15 | സ്വാതന്ത്ര്യ ദിനം | പതാക ഉയർത്തൽ,സ്വാതന്ത്ര്യ ദിനറാലി, സ്വാതന്ത്ര്യ ദിന പതിപ്പ്, സ്വാതന്ത്ര്യ ദിനക്വിസ് | |
| | 22 | ലോക നാട്ടറിവ് ദിനം | നാടിന്റെ ചരിത്രം അന്വേഷണം<br>സ്വന്തം നാടിനെ കുറിച്ച് കുറിപ്പ് എഴുതുക | |
| | 29 | ദേശിയ കായിക ദിനം | സ്വന്തം നാട്ടിലെ കായിക താരവുമായി അഭിമുഖം , കായിക താരങ്ങളെ ആദരിക്കൽ | |
| സെപ്റ്റംബർ 2025 | 5 | ദേശീയ അധ്യാപക | എന്റെ ടീച്ചർ | |

| | | | | |
|---|---|---|---|---|
| | | ദിനം | | |
| | 18 | മുള ദിനം | | |
| | 28 | ലോക നദി ദിനം | നദികളെ പരിചയപ്പെടൽ | |
| ഒക്ടോബർ 2025 | 2 | ഗാന്ധി ജയന്തി | ,ഗാന്ധി ക്വിസ് ,ഗാന്ധി പതിപ്പ് | |
| | 9 | ലോക തപാൽ ദിനം | പോസ്റ്റുമാനെ ആദരിക്കൽ, പോസ്റ്റുമാനുമായി അഭിമുഖം, പോസ്റ്റോഫീസ് സന്ദർശനം, കൂട്ടുകാരാനൊരു കത്ത് | |
| | 16 | ലോക ഭക്ഷ്യ ദിനം | വിവിധ ഭക്ഷണങ്ങൾ പരിചയപ്പെടൽ | |
| നവംബർ 2025 | 1 | കേരളപ്പിറവി ദിനം | വീഡിയോ പ്രദർശനം,കൈയെഴുത്തു മാസിക,കലാപരിപാടികൾ | |
| | 12 | ദേശിയ പക്ഷി നിരീക്ഷണ ദിനം | പക്ഷി നിരീക്ഷണം, കുറിപ്പ് എഴുതൽ, പക്ഷികളെ കുറിച്ച് പതിപ്പ് തയ്യാറാക്കൽ | |
| | 14 | ശിശദിനം | ശിശുദിന റാലി, കുട്ടികളുടെ വിവിധ മത്സരങ്ങ | |
| | 20 | ലോക ബാലാവകാശ ദിനം | സെമിനാർ- ബാലാവകാശങ്ങൾ | |
| ഡിസംബർ 2025 | 2 | ദേശിയ മലിനീകരണനിയന്ത്രണ ദിനം | രക്ഷിതാക്കൾക്കും കുട്ടികൾക്കും ICT ഉപയോഗിച്ച് ബോധവത്കരണ ക്ലാസ്സ് | |
| | 3 | അന്തരാഷ്ട്ര ഭിന്നശേഷി ദിനം | ഭിന്ന ശേഷി കുട്ടികൾക്ക് വേണ്ട ക്ലാസ്സ് | |
| | 5 | ലോക മണ്ണ് ദിനം | മണ്ണറിവ്-വിവിധ മണ്ണുകളുടെ പ്രദർശനം | |
| | 23 | ദേശിയ കർഷക ദിനം | കർഷകനുമായി അഭിമുഖം, കൃഷി പതിപ്പ്<br>കൃഷി ഉപകരണങ്ങൾ പരിചയപ്പെടൽ | |
| ജനുവരി 2026 | 25 | ദേശിയ വിനോദ സഞ്ചാരദിനം | വിനോദ സഞ്ചാര കേന്ദ്രങ്ങൾ പരിചയപ്പെടൽ | |

| | | | | |
|---|---|---|---|---|
| | | | | |
| | 26 | റിപ്പബ്ലിക് ദിനം | പതാക ഉയർത്തൽ,ക്വിസ് മത്സരം | |
| | 29 | ദേശിയ പത്ര ദിനം | പത്രങ്ങൾ പരിചയപ്പെടുത്തൽ | |
| ഫെബ്രുവരി 2026 | 4 | ലോക കാൻസർ ദിനം | ബോധവത്കരണ ക്ലാസ്സ് | |
| | 21 | അന്തരാഷ്ട്ര മാതൃ ഭാഷ ദിനം | മാതൃ ഭാഷയുടെ മഹത്വം-സെമിനാർ | |
| | 28 | ദേശീയ ശാസ്ത്ര ദിനം | ശാസ്ത്ര  പരീക്ഷണങ്ങൾ | |
| മാർച്ച് 2026 | 22 | ലോക ജലദിനം | ജലസംരക്ഷണ പ്രവർത്തനങ്ങൾ<br>പോസ്റ്റർ നിർമാണം | |
| | 23 | ലോക കാലാവസ്ഥ ദിനം | കാലാവസ്ഥ വ്യതിയാനം | |